**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ആയതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണം അവസാനമായി നടന്നത് 2007 ലാണ്. വിവിധ തലത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2007) അടിസ്ഥാനത്തിലാണ് പ്രസ്തുത പരിഷ്കരണം നടത്തിയത്. അതിനുശേഷം, വിജ്ഞാന മേഖലയിലുണ്ടായ വളർച്ചയും വികാസവും, ആധുനിക സാങ്കേതിക വിദ്യയിലുണ്ടായ വികാസം, നവകേരള നിർമ്മിതിയ്ക്ക് ജ്ഞാന സമൂഹത്തിന്റെ പങ്ക് തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിച്ചുള്ള സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണമാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>ആദ്യഘട്ട പ്രവർത്തനം എന്ന നിലയിൽ സംസ്ഥാനതലത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ആശയരൂപീകരണ ശില്പശാല 2022 ജൂൺ 16 ന് നടത്തി. തുടർന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി എന്നിവയുടെ യോഗം ചേരുകയും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. ഡയറക്ടർ അവതരിപ്പിച്ച സമയക്രമം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പങ്കെടുത്ത വിവിധ മേഖലയിലെ വിദഗ്ധർ പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പരിഗണിക്കപ്പെടേണ്ട വിഷയങ്ങളെ സംബന്ധിച്ചുള്ള ആശയങ്ങൾ അവതരിപ്പിച്ചു.<br><br>25 ഫോക്കസ് മേഖലകളെ അടിസ്ഥാനപ്പെടുത്തിയാണ് പാഠ്യപദ്ധതി ചട്ടക്കൂട് (2022) രൂപീകരിക്കുന്നത്. പ്രസ്തുത മേഖലകളിലെ ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാഠ്യപദ്ധതി |

| | | | |
|---|---|---|---|
| | | | പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ